കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

## 2015-16

## ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ.(പി7)2039/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.

ഫോൺ -0487 2331249

തീയതി:16.01.2017

e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-4,ഭാഗം 3 ലെ 3-1, 3-6 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, സംസ്ഥാനഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി7)2039 /16 തീയ്യതി 16.01.2017

## തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 14.06.15 മുതൽ 11.11.16 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.11.16 മുതൽ 19.11.16 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി. റസിയ ബീവി.ജെ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വിജയശ്രീ .പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സ്റ്റാൻലി പി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. സോന കെ. സത്യൻ | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീമതി. ഡെയ്സി ഫ്രാൻസിസ് | 01.04.2015 മുതൽ 31.10.2015 വരെ |
| ഭരണനിർവ്വഹണ കമ്മിറ്റി | 1.11.15 മുതൽ 18.11.15 വരെ |
| ശ്രീ. തോമസ്. ഐ. കണ്ണത്ത് | 19.11.2015 മുതൽ 31.3.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| സെക്രട്ടറി | കാലയളവ് |
|---|---|
| ശ്രീമതി.എം.കെ ആനീസ് | 01.04.2014 മുതൽ 22.07.2015വരെ |
| ശ്രീ. വി.എൻ | 22.07.2015 മുതൽ |

| | |
|---|---|
| നന്ദകുമാർ | 11.01.2016വരെ |
| ശ്രീമതി.ഏലിയാമ്മ ചാക്കോ<br><br>( ഇൻ ചാർജ്ജ്) | 12.01.16 മുതൽ<br>31.03.2016വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഏലിയാമ്മ ചാക്കോ | 01.04.2015 മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.മോഹൻലാൽ പി.ജി | 01.04.2015 മുതൽ 31.05.2015വരെ |
| | ശ്രീമതി. സുന യു.എ | 1.06.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബിന്ദു പി.ആർ | 13.07.15 മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ദീപ്തി രാജു | 1.04.15 മുതൽ 31.03.16വരെ |
| വെറ്ററിനറി സർജൻ<br><br>വൈന്തല | ഡോ.ജോഷി ടി.ഐ | 01.04.15 മുതൽ 31.03.16വരെ |
| കൃഷി ഓഫീസർ | ശ്രീമതി.മേരി വിജയ.കെ | 1.04.15 മുതൽ 31.03.16വരെ |
| വി.ഇ.ഒ<br>(കാട്ടുകുറ്റി) | ശ്രീമതി.രാഗി ഏണസ്റ്റ് | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ<br>(വൈന്തല) | ശ്രീമതി. ഉമൈവൻ പി.എ | 1.04.15 മുതൽ 31.03.16വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷേർളി എം.പി | 1.04.15 മുതൽ 27.12.2015 വരെ |

| | | |
|---|---|---|
| | ശ്രീമതി. ആശ ബെറ്റ്സി എം.എ | 28.12.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. ഐ.എസ് സിന്ധു | 1.04.15 മുതൽ 31.03.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | രശീതി-അപാകതകൾ | 2-1 |

| | | |
|---|---|---|
| 13 | ബിൽഡിംഗ് റഗുലറൈസേഷൻ ഫീ ഇനത്തിലുള്ള വരവ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല | 2-2 |
| 14 | താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകൽ-തുടർ നിരീക്ഷണം നടത്തേണ്ടതാണ് | 2-3 |
| 15 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിറ്റ ജലാറ്റിൻ കമ്പനി പഞ്ചായത്ത് രാജ് നിയമങ്ങൾ പാലിക്കുന്നില്ല | 2-4 |
| 16 | വെറ്ററിനറി ഡിസ്പെൻസറി കോമ്പൗണ്ടിൽ വെട്ടിമാറ്റിയ മരം ചിതലരിച്ച നിലയിൽ | 2-5 |
| | ഭാഗം-3 | |
| 17 | എസ്.സി വനിത തൊഴിൽ പരിശീലനകേന്ദ്രം-പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-1 |
| 18 | ആശ്രയവിഹിതം നൽകൽ-വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 3-2 |
| 19 | ഹോമിയോപ്പതിക് കോർപ്പറേഷനിൽനിന്നും മരുന്ന് വാങ്ങൽ-മരുന്ന് ലഭിച്ചിട്ടില്ല, എൻ.എ.സി ലഭ്യമാക്കിയിട്ടില്ല. | 3-3 |
| 20 | തെരുവ് വിളക്കുകളുടെ വ്യക്തമായ കണക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല | 3-4 |
| 22 | 17 ലക്ഷം രൂപ ചെലവഴിച്ച പഞ്ചായത്തിലെ ആശുപത്രി കെട്ടിടം | 3-5 |

| | | |
|---|---|---|
| | പണി പൂർത്തിയാക്കാത്ത അവസ്ഥയിൽ | |
| 23 | കൊയ്ത്തു മെതി യന്ത്രത്തിന്റെ പ്രവർത്തനത്തിലൂടെ ആർജ്ജിച്ച പണം പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടത് | 3-6 |
| 24 | മൃഗസംരക്ഷണവകുപ്പിൽ നിന്നും ലഭിച്ച തുക തിരിച്ചടക്കാതെ ബാക്കി നിൽക്കുന്നു. | 3-7 |
| 25 | അംഗൻവാടി പോഷകാഹാരപരിപാടി-അപാകതകൾ | 3-8 |
| 26 | ആർട്ട്കോയിൽ നിന്നും സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്ത ഇനം ക്വട്ടേഷൻ കൂടാതെ വാങ്ങി | 3-9 |
| 27 | കാരുണ്യ ഫാർമസിയിൽനിന്നും മുഴുവൻ തുകയ്ക്ക് മരുന്ന് ലഭിച്ചിട്ടില്ല. | 3-10 |
| 28 | ആശ്രയ പദ്ധതി<br>വിലയിരുത്തൽ | 3-11 |
| 29 | ക്ഷേമപെൻഷനുകൾ ഇലക്ട്രോണിക്സ് ഇലക്ട്രോണിക്സ് ട്രാൻസ്ഫർ മുഖേന വിതരണം ചെയ്യുന്നതിലെ അപാകതകൾ | 3-12 |
| | ഭാഗം-4 | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ നൽകിയത് | 4-3 |

| | | |
|---|---|---|
| 33 | വായ്പ്പ/വായ്പ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015 തിയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 151062700/- രൂപയും, ചെലവ് 150653300/- രൂപയും ആണ്. യഥാർഥ വരവ് ചെലവ് കണക്കുകൾ ബജറ്റ് വരവ് ചെലവ് കണക്കുകളുമായി ഭീമമായ അന്തരം പുലർത്തുന്നു. യാഥാർഥ്യവുമായി പൊരുത്തപ്പെട്ടുംവിധം ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. 2015-16 സാമ്പത്തിക വർഷം റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.07.2015 | 21.07.2016 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

സർട്ടിഫിക്കേഷൻ -ന്യൂനതകൾ

1) മുൻവർഷത്തെ (2014-15) വസ്തുനികുതി കണക്കുകൾ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2)ബ്ലോക്ക് വിഹിതം : 31.3.2015 തിയതിയിലെ ബാലൻസ് ഷീറ്റ് പ്രകാരം 431576/-രൂപ ബ്ലോക്ക് വിഹിതം ബാക്കിയുണ്ട്. 31.3.2016 ലെ ബാലൻസ് ഷീറ്റിൽ ഇതേ തുക തന്നെ ബ്ലോക്ക് വിഹിതം ബാക്കിയുള്ളതായി കാണിച്ചിരിക്കുന്നു. ആയതിൽ 2015-16വർഷത്തിൽ 71610/- രൂപ പ്രോജക്ക്റ്റ് വച്ച് സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുള്ളതാണ്. ബാക്കി തുകയുടെ (359966/- രൂപ) വിശദാംശങ്ങൾ ലഭ്യമല്ല.

3)ജില്ലാപഞ്ചായത്ത് വിഹിതം- 31.3.2015 തിയതിയിലെ ബാലൻസ് ഷീറ്റ് പ്രകാരം 12,48,376/-രൂപ ജില്ലാപഞ്ചായത്ത് വിഹിതം ബാക്കിയുണ്ട്.31.3.2016ലെ ബാലൻസ് ഷീറ്റിൽ ഇതേ തുക തന്നെ ജില്ലാപഞ്ചായത്ത് വിഹിതം ബാക്കിയുള്ളതായി കാണിച്ചിരിക്കുന്നു.എന്നാൽ സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് തുക 6,41,086/-രൂപയാണ്.ആയതിൽ 2015-16 വർഷത്തിൽ 61194/- രൂപ പ്രോജക്ട് വച്ച് സർക്കാരിലേക്ക് തിരിച്ചടവാക്കി. വാർഷികകണക്കുകളിലേയും സാംഖ്യ എ.സി.ആർ-ലേയും തുകകൾ തമ്മിലെ വ്യത്യാസത്തിനു കാരണം, ഈയിനത്തിൽ പഞ്ചായത്തിന്റെ കൈവശം ബാക്കിയുള്ള തുക എന്നീ വിവരങ്ങൾ ലഭ്യമല്ല.(ഓഡിറ്റ് എൻക്വയറി 7/18.11.16).

4) പരസ്യനികുതിയിനത്തിലെ വരവ് 12501/-രൂപ പഞ്ചായത്ത് കമ്മറ്റി ലേലം അംഗീകരിച്ചമുറക്ക് ഓക്ഷൻഡെപ്പോസിറ്റ് എന്ന ഹെഡിൽ നിന്നും വരവായി മാറ്റിയിട്ടില്ല

5)അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന തുകകൾ മുൻവർഷങ്ങളിലെ ചെലവുകളാണ്, ആയതിന്റെ വിശദാംശങ്ങളില്ല.

a)advance to implementing agencies-KSEB=86,338/-

b)advance to implementing agencies-PWD=274500

6)നാളിതുവരെയുള്ള ആസ്തി/ബാധ്യതകളുടെ മൂല്യം നിർണ്ണയിച്ച് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23009145 |
| വരവ് | 36560677 |
| ആകെ | 59569822 |
| ചെലവ് | 46972605 |
| നീക്കിയിരിപ്പ് | 12597217 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 910386 | 5301506(tc)+ 2019291+130 (refund) | 8231313 | 7700238 | 531075 (returned to govt.) | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 3873858 | 3431929 (con.fund) | 7305787 | 5543489 | 1762298 (tc to VPF II a) | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1781125 | 5444704 (con.fund) | 7225829 | 7025622+ 200207 (non road expr) | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 477812 | 200207(mg road)+ 1033976 (con.fund) | 1711995 | 1711995 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2148450 | 1536805 (allotment) + 3476947 (con.fund) | 7162202 | 4818466 | 2343736 (tc to VPF II a) | 0 |
| ലോക ബാങ്ക് സഹായം | 2306477 | 1191354 (con.fund) | 3497831 | 2302359 | 1195472(tc to VPF II a) | 0 |

വികസന ഫണ്ട്(ജനറൽ) മുൻബാക്കി 910386/- രൂപയിൽ 71610/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 61194/-രൂപ ജില്ലാപഞ്ചായത്ത് വിഹിതവുമാണ്. ആയത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് വച്ച് സർക്കാരിലേക്ക് തിരിച്ചടവാക്കി.

വികസന ഫണ്ട്(എസ്.സി.പി) മുൻബാക്കി 3873858/- രൂപയിൽ 7290/-രൂപ ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമുണ്ടായിരുന്നത് VPFII(a)യിലേക്ക് TC ചെയ്യപ്പെട്ടു.

# 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ | അടങ്കൽ(തുക) | നടപ്പിലാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാ | നടപ്പിലാക്കാത്തത് | പൂർത്തികരിച്ചതിന്റെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | ക്കിയത് | | ശതമാനം |
| 179 | 42206952 | 139 | 32427399 | 13 | 27 | 77.65 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഇല്ല.

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 93.7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7530926 | 5837828 | (-)1693098 | -22.48 |
| നികുതിയേതര വരവുകൾ | 717705 | 1146102 | (+)428397 | 59.69 |
| മറ്റുവരവുകൾ | 116756 | 254683 | (+)137927 | 118.13 |
| ആകെ | 8365387 | 7238613 | 1126774 | (-)13.47 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.16 തിയതിയിൽ 3.45 P.Mന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 14310 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നുണ്ട്.

# 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 96720 | 59 |
| കർഷകത്തൊഴിലാളി പെൻഷൻ | 4031280 | 519 |
| വിധവപെൻഷൻ | 7491320 | 784 |
| വാർദ്ധക്യ കാലപെൻഷൻ | 11734110 | 1498 |
| വികലാംഗപെൻഷൻ | 2462885 | 250 |
| 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ളപെൻഷൻ | 463360 | 52 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 330000 | 11 |

# 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ പരിപാലനം

1. ബിൽഡിംഗ് റഗുലറൈസേഷൻ ,ബിൽഡിംഗ് ടാക്സ് ഡിമാന്റ് കളക്ഷൻ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.
2. ഡെമോളിഷ്ഡ് ബിൽഡിങ്ങ് രജിസ്റ്റർ , ടാക്സ് എക്സംപ്ഷൻ രജിസ്റ്റർ, എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 3.11.16 മുതൽ 4.11.16 വരെ | ഒക്ടോബർ 2016 | |
| അക്കൗണ്ടന്റ് ജനറൽ | 5.07.2010മുതൽ 17.07.2010വരെ | 2005-2006മുതൽ 2009-2010 വരെ | 12.08.2010 |

# ഭാഗം-2
# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി - അപാകതകൾ

കളക്ഷൻ രജിസ്റ്ററുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ആധികാരികമാക്കി സൂക്ഷിക്കാത്തതിനാൽ വന്ന അപാകതകൾ താഴെ ചേർക്കുന്നു.

1. താഴെ പറയുന്ന രശീതി ബുക്ക് പ്രകാരമുള്ള കളക്ഷനുകൾ കളക്ഷൻ രജിസ്റ്ററിൽ ആകെ തുക രേഖപ്പെടുത്താതെ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ആകെ തുക തന്നെയാണോ സാംഖ്യയിൽ അടവാക്കിയിരിയ്ക്കുന്നതെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.

| രശീതി ബുക്ക് നമ്പർ |
|---|
| 2256 |
| 2261 |
| 2263 |
| 2265 |

2. രശീതി ബുക്ക് നമ്പർ 39804 പ്രകാരമുള്ള 14.11.16 തിയതിയിലെ കളക്ഷൻ തുക 35486 രൂപ , കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി അടവാക്കിയിരിയ്ക്കുന്നത് 35221 രൂപയാണ്.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി 1 ന് തുടർന്ന് പരിഹരിച്ചു. കളക്ഷൻ രജിസ്റ്ററുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ആധികാരികമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. താഴെ പറയുന്ന രശീതി പ്രകാരമുള്ള ഔട്ട് ഡോർ കളക്ഷനുകൾ ഇന്ററപ്റ്റഡ് റസീപ്റ്റായി സാംഖ്യയിൽ അടവാക്കുന്നുണ്ടെങ്കിലും ടി തുകകൾ ഓഫീസ് കളക്ഷൻ

രശീതിയിലും റസീപ്റ്റ് ചെയ്തു കാണുന്നു.

| രശീതി ബുക്ക് നമ്പർ/തിയതി | ഓഫീസ് കളക്ഷൻ രശീതി ബുക്ക് നമ്പർ | തുക |
|---|---|---|
| 2269/17.10.16 | 2268 | 32536 |
| 2269,2270/18.10.16 | 2271 | 14471 |
| 2270/19.10.16 | 2271 | 13673 |

സാംഖ്യ സംവിധാനം തകരാറിൽ ആയതിനാൽ ഔട്ട് ഡോർ കളക്ഷൻ ഓഫീസിൽ അടവാക്കിയതിന്റെ തെളിവായിട്ടാണ് മാനുവൽ രശീതിയിലും റസീപ്റ്റ് ചെയ്തത് എന്ന് ഓഡിറ്റ് എൻക്വയറി 1ന് മറുപടി ലഭിച്ചു.ഇത്തരം അപാകതകൾ വരാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 2-2 ബിൽഡിംഗ് റഗുലറൈസേഷൻ ഫീ ഇനത്തിലുള്ള വരവ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

അക്കൗണ്ട്സ് പ്രകാരം ഓഡിറ്റ് വർഷം ബിൽഡിംഗ് റഗുലറൈസേഷൻ ഫീ ഇനത്തിൽ 92,973 രൂപ വരവുണ്ട്. ടി ഇനത്തിലുള്ള വരവ് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം വകുപ്പ് 137 പ്രകാരം റഗുലറൈസ് ചെയ്യുന്ന കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്.

## 2-3 താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകൽ - തുടർ നിരീക്ഷണം നടത്തേണ്ടതാണ്.

സ.ഉ (എം.എസ്) നം. 149/2012/തസ്വഭവ തിയതി 4/06/2012 , സ.ഉ (എം.എസ്) നം. 351/2015/തസ്വഭവ തിയതി 9/02/2015 ഉത്തരവ് പ്രകാരം 100 ച.മീ വിസ്തീർണ്ണം വരെയുള്ള വാസഗൃഹങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ' താൽക്കാലിക റസിഡൻഷ്യൽ ' സർട്ടിഫിക്കറ്റ് നൽകിവരുന്നു. ഇപ്രകാരം സർട്ടിഫിക്കറ്റ് നൽകിയ കെട്ടിടങ്ങൾ തുടർനിർമ്മാണം നടത്തുന്നുണ്ടോയെന്നും ആയത് കെട്ടിടനിർമ്മാണ

ചട്ടങ്ങൾക്ക് വിധേയമായിട്ടാണോയെന്നും അധികൃതർ തുടർ നിരീക്ഷണം നടത്തി ഉറപ്പാക്കേണ്ടതാണ്.

## 2-4 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിറ്റ ജലാറ്റിൻ കമ്പനി -പഞ്ചായത്ത് രാജ് നിയമങ്ങൾ പാലിക്കുന്നില്ല.

1977 മുതൽ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന നിറ്റ ജലാറ്റിൻ എന്ന കമ്പനിക്ക് 2009-2010 വരെ പഞ്ചായത്ത് പ്രവർത്തനാനുമതി നൽകിയിട്ടുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിൽ കമ്പനിയുടെ മലിനീകരണം സംബന്ധിച്ച് പരാതികളും അതിനെ തുടർന്ന് കോടതി വ്യവഹാരങ്ങളും കാരണം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. പഞ്ചായത്തിന്റെ അനുമതിയില്ലാതെ കമ്പനി 3288 $m^2$ കെട്ടിട നിർമ്മാണം നടത്തിയെന്നും അനധികൃത മെഷീനറി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്തിനു ബോധ്യപ്പെട്ടിട്ടുള്ളതാണ് (പഞ്ചായത്ത് കമ്മിറ്റിയുടെ 31-03-2015 ലെ യോഗത്തിന്റെ മിനിറ്റ്സ്) ഇതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 8 നു ലഭിച്ച മറുപടിയിൽ കമ്പനിയുടെ നിയമലംഘനത്തിനെതിരെ പഞ്ചായത്ത് തീരുമാനം എടുത്തു എന്നും എന്നാൽ പഞ്ചായത്തിന്റെ തീരുമാനത്തിന് എതിരെ കമ്പനി ബഹു. ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണെന്നും അറിയിച്ചിരിക്കുന്നു. പഞ്ചായത്ത് തീരുമാനം റദ്ദ് ചെയ്തുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് പഞ്ചായത്ത് ഓഡിറ്റിനു ഹാജരാക്കുകയുണ്ടായില്ല. പഞ്ചായത്ത് തീരുമാനം ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിട്ടില്ലെങ്കിൽ പഞ്ചായത്ത് തീരുമാനം നിലനിൽക്കുന്നതാണ്.

നിയന്ത്രണമില്ലാതെ പുഴയും മണ്ണും മലിനീകരിക്കുകയും പ്രദേശത്തെ ജനങ്ങളുടെ ജീവിതം ദുരിതത്തിലാക്കുകയും ചെയ്തുകൊണ്ട് ഒരു സ്വകാര്യ കമ്പനി ലാഭം കൊയ്യുകയും പഞ്ചായത്തിന് നിയമപരമായി അടവാക്കേണ്ട കെട്ടിട നികുതിയും പെർമിറ്റ് ഫീസും D&O ഫീസും അടക്കാതെ കമ്പനി സുഗമമായി പ്രവർത്തിക്കുന്നത് നിസ്സഹായതയോടെ നോക്കി നിൽക്കാതെ ആവശ്യം വേണ്ടുന്ന എല്ലാ നടപടികളും കർശനമായി സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-5 വെറ്ററനറി ഡിസ്പെൻസറി കോമ്പൗണ്ടിൽ വെട്ടിമാറ്റിയ മരം ചിതലരിച്ച നിലയിൽ

19.11.2016 ൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ ചെറുവാളൂർ വെറ്ററനറി ഡിസ്പെൻസറി കോമ്പൗണ്ടിൽ വെട്ടിമാറ്റിയ മരം ചിതലരിച്ച നിലയിൽ കാണപ്പെട്ടു.

ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് , മരത്തിന്റെ ശാഖകൾ മുറിച്ചുമാറ്റുന്നതിന് ലേലം കൊണ്ടയാൾ താഴ്ത്തടിയുടെ ഭാഗം കൂടി മുറിയ്ക്കുകയാണുണ്ടായതെന്നും അധികം മുറിച്ച തടിക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും വാല്യുവേഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് സിവിൽ നടപടി നടത്തി ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതിന് നിയമോപദേശം കിട്ടിയിട്ടുണ്ടെന്നും മറുപടി ലഭിച്ചു. വെറ്ററനറി ഡിസ്പെൻസറി കോമ്പൗണ്ടിലുള്ള മരത്തിന്റെ ശാഖകൾ മുറിച്ചുമാറ്റുന്നതിന് നല്കിയ ലേലം , മരം നശിക്കുന്നതിന് ഇടയായത് അധികൃതരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വാല്യുവേഷൻ പ്രകാരമുള്ള തുകയും പിഴയും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.സി. വനിതാ തൊഴിൽ പരിശീലന കേന്ദ്രം- പ്രവർത്തനം ആരംഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ - 192/16

ചെലവ് തുക - -67741

ഡി.ഡി.നം. - 27730/2.2.2016

ജനകീയാസൂത്രണം 2015-16 ൽ ഉൾപ്പെടുത്തി ടി സെന്ററിൽ ഇലക്ട്രിഫിക്കേഷൻ & പ്ളംബിംഗ് വർക്കുകൾ ചെയ്തിട്ടുണ്ട്. എന്നാൽ ടി പരിശീലന കേന്ദ്രത്തിൽ നാളിതുവരെ യാതൊരു തൊഴിൽ പരിശീലനവും ആരംഭിച്ചിട്ടില്ല. എത്രയും വേഗം എസ്.സി.വനിതകൾക്ക് തൊഴിൽ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ആശ്രയ വിഹിതം നല്കൽ - വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം. - 02/16

പ്രോജക്ട് - ആശ്രയ വിഹിതം നല്കൽ

തുക - 300000

ഫണ്ട്- ജനറൽ ഫണ്ട്

ഡി.ഡി.നം. - 966210/ 21.12.2015

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കുടുംബശ്രീ വഴി നിർവ്വഹണം നടത്തുന്ന ആശ്രയ പദ്ധതിക്കായി പഞ്ചായത്ത് വിഹിതമായി 2015-16 ൽ വകയിരുത്തിയ 300000 രൂപ കുടുംബശ്രീയ്ക്ക് നല്കിയിട്ടുണ്ട്.എന്നാൽ നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 ഹോമിയോപ്പതിക് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങൽ- മരുന്ന് ലഭിച്ചിട്ടില്ല, എൻ.എ.സി. ലഭ്യമാക്കിയിട്ടില്ല-1,25,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. 32/16

തുക - 125000

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്

നിർവ്വഹണഉദ്യോഗസ്ഥൻ - സെക്രട്ടറി

ഇൻവോയിസ് നം. pf. 841 തീ. 19.11.2015

ഡി.ഡി.നം. 29093/18.02.2016

ഹോമിയോപ്പതിക് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിന് 125000 രൂപ ഡി.ഡി നം. 29093/18.2.2016പ്രകാരം കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല. എൻ.എ.സി ലഭ്യമാക്കിയിട്ടില്ല. മരുന്നിനുള്ള തുക നൽകുമ്പോൾ തന്നെ കോർപ്പറേഷനുമായി എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. മറുപടിയിൽ 19.11.2016 ൽ മരുന്ന് ലഭ്യമായിട്ടുണ്ടെന്ന്

അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ചെലവുതുക 1,25,000/- തടസ്സപ്പെടുത്തുന്നു.

## 3-4 തെരുവ് വിളക്കുകളുടെ വ്യക്തമായ കണക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

വാർഡ് തിരിച്ച് തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച വ്യക്തമായ കണക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തിയിട്ടില്ല. ആയതിനാൽ വിളക്കുകളുടെ ഉപയോഗം സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല.റിപ്പയർ ആവശ്യമായ തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം നിർണ്ണയിക്കേണ്ടതും ആവശ്യമായ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതുമാണ്.

## 3-5 17 ലക്ഷം രൂപ ചെലവഴിച്ച പഞ്ചായത്തിലെ ആശുപത്രി കെട്ടിടം പണി പൂർത്തിയാക്കാത്ത അവസ്ഥയിൽ

പഞ്ചായത്തിന്റെ 20-09-2011 ലെ നമ്പർ 9 തീരുമാന പ്രകാരം ബഹു. MLA ശ്രീ. ബി ഡി ദേവസ്സിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി ലഭിച്ച കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഇതുവരെ 1737375/- രൂപ ചെലവഴിച്ചതായി ഓഡിറ്റ് എൻക്വയറി 15 ന മറുപടിയായി ലഭിച്ചിട്ടുണ്ട്. പിന്നീട് ഇതിനെ സംബന്ധിച്ച് വിജിലൻസ് കേസ് ഉണ്ടാവുകയും പണി പൂർത്തീകരിക്കാതെയിരിക്കുകയുമാണ് ഉണ്ടായിരിക്കുന്നത്. നിയമ തടസ്സങ്ങൾ പരിഹരിച്ച് കെട്ടിടം ആശുപത്രിയുടെ ആവശ്യങ്ങൾക്കായി എത്രയും വേഗം ലഭ്യമാക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-6 കൊയ്ത്ത് മെതി യന്ത്രത്തിന്റെ പ്രവർത്തനത്തിലൂടെ ആർജിച്ച പണം പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടത്

പഞ്ചായത്തിന്റെ വികസന ഫണ്ട് (17 ലക്ഷം രൂപ) ചെലവഴിച്ച് നാലു വർഷം മുമ്പ് വാങ്ങിച്ച ഈ യന്ത്രം കാട്ടുകുറ്റി പഞ്ചായത്തിലെ എല്ലാ പാടശേഖര സമിതികളുടെയും ഭാരവാഹികൾ ഉൾപ്പെടുന്ന കാട്ടുകുറ്റി നെല്ലുൽപാദന സമൂഹം എന്ന പേരിൽ രജിസ്റ്റർ ചെയ്ത സമിതിയുടെ അധീനതയിലാണ് പ്രവർത്തിക്കുന്നത്. പ്രവർത്തന സമയത്ത് അതാത് പാടശേഖരങ്ങളിലും സീസൺ അല്ലാത്ത സമയത്ത് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള ഇതിനായി നിർമ്മിച്ചിട്ടുള്ള ഷെഡിലുമാണ് ഇത് സൂക്ഷിക്കുന്നത്.

ഈ യന്ത്രത്തിന്റെ പരിപാലനത്തെ സംബന്ധിച്ച് ആരാഞ്ഞ ഓഡിറ്റ് എൻക്വയറി 5 ന ലഭിച്ച മറുപടിയിൽ 25000 രൂപക്ക് മുകളിലുള്ള എല്ലാ ചെലവുകളും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കൃഷി ഓഫീസർ കൺവീനറും വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അംഗമായും ഉള്ള സമിതി യോഗം ചേർന്നാണ് തീരുമാനിക്കുന്നതെന്ന് പറഞ്ഞിരിക്കുന്നു. കാട്ടുകുറ്റി സർവീസ് സഹകരണ ബാങ്കിലെ 6946 എന്ന അക്കൗണ്ടിൽ ഈയിനത്തിൽ 2065519/- രൂപ ബാക്കിയുള്ളതായി കാണുന്നു. ഈ തുകയിലെ 12 ലക്ഷത്തോളം രൂപ മൂന്ന് ലക്ഷം വീതം ഉള്ള നാലു ഫിക്സഡ് ഡെപ്പോസിറ്റ് രസീതുകളായും (രസീത് നമ്പർ 642/14,643/14,644/14,645/14) ബാക്കിയുള്ള തുക മേൽ അക്കൗണ്ടിൽ പണമായും ആണ് സൂക്ഷിച്ചിരിക്കുന്നത്.

പദ്ധതി മാർഗ്ഗ രേഖ പ്രകാരം പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗിച്ച് വാങ്ങിച്ച വസ്തുവിൽ നിന്നും ആർജിച്ച വരുമാനം കൂടുതൽ ആസ്തികൾ സൃഷ്ടിക്കാനും സമൂഹത്തിനു കൂടുതൽ ഉപയോഗപ്രദമാകുന്നതിനും വേണ്ടി പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കണമെന്ന ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-7 മൃഗസംരക്ഷണവകുപ്പിൽ നിന്നും ലഭിച്ച തുക തിരിച്ചടക്കാതെ ബാക്കി നിൽക്കുന്നു

വാളൂർ വെറ്ററിനറി ഡിസ്പെൻസറിയുടെ അറ്റകുറ്റപ്പണിക്കായി 2012-13 വർഷത്തിൽ ലഭിച്ച 5,00,000/-രൂപയിൽ തൻവർഷം 4,00,000/-രൂപ ചെലവഴിച്ചു. മൃഗസംരക്ഷണവകുപ്പിൽ നിന്നുമാണ് തുക ലഭിച്ചതെന്നാണ് പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരം. ബാക്കി 1,00,000/-രൂപ 31.3.2016തിയതിയിലെ ബാലൻസ്ഷീറ്റിലും നിലനിൽക്കുന്നുണ്ട്. ആയത് ആവശ്യമില്ലാത്തപക്ഷം തിരിച്ചടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-8 അംഗൻവാടി പോഷകാഹാരപരിപാടി-അപാകതകൾ

i)അംഗൻവാടി പോഷകാഹാരം-സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ

അംഗൻവാടി പോഷകാഹാര പദ്ധതിക്കായി വാങ്ങിയ ഭക്ഷ്യവസ്തുക്കളുടെ സ്റ്റോക്ക്-വിതരണം രേഖപ്പെടുത്തുന്നതിന് ഐ.സിഡിഎസ് സൂപ്പർവൈസർ സൂക്ഷിക്കുന്ന രജിസ്റ്ററും അംഗൻവാടിജീവനക്കാരുടെ സ്റ്റോക്ക് രജിസ്റ്ററുകളും തമ്മിൽ 18.11.2016ന് ഒത്തുനോക്കിയപ്പോൾ സ്റ്റോക്ക് കണക്കുകളിൽ വ്യത്യാസം കാണുകയുണ്ടായി.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സെന്റർ നം | മാസം | അംഗൻവാടിസ്റ്റോക്ക് രജിസ്റ്റർ പ്രകാരം | സൂപ്പർവൈസറുടെ രജിസ്റ്റർപ്രകാരം |
|---|---|---|---|
| 6 | 9/15 | THRS-37.5kg | 30kg |
| | 10/15 | THRS-37.5kg | 30kg |
| | 1/16 | വെളിച്ചെണ്ണ-6pkt<br>കപ്പലണ്ടി-12kg | 5pkt<br>8kg |
| 7 | 9/15 | THRS-30kg | 12.5kg |
| | 10/15 | THRS-30kg | 25kg |
| 8 | 9/15 | THRS-12.5kg | 37.5kg |
| | 10/15 | THRS-25kg | 37.5kg |

സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.മറുപടി ലഭ്യമാക്കേണ്ടതാണ്.

(ii)പൊതുഅപാകതകൾ

1)അംഗൻവാടികളിലേക്കുള്ള ഭക്ഷ്യവസ്തുക്കൾ മാവേലി സ്റ്റോർ/സപ്ലൈക്കോയിൽ നിന്നും വാങ്ങുന്നതിനു പകരം നീതി സ്റ്റോറിൽ നിന്നുമാണ് ഓഡിറ്റ് വർഷത്തിൽ വാങ്ങിയിട്ടുള്ളത്.നീതി സ്റ്റോറിലെയും മാവേലി സ്റ്റോറിലെയും വിലകൾ തമ്മിൽ താരതമ്യം ചെയ്ത് വാങ്ങിയവിലകൾ അധികരിച്ചിട്ടില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥ ഉറപ്പാക്കിയിട്ടില്ല

2)ടിഎച്ച് ആർഎസ് പദ്ധതിപ്രകാരം അംഗൻവാടികളിൽ വിതരണം ചെയ്തിട്ടുള്ള അമൃതം പൊടിയുടെ ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3)അംഗൻവാടികെട്ടിടങ്ങളുടെ ഗുണനിലവാരം പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല

മേൽ അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ആർട്ട്കോയിൽ നിന്നും സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്ത ഇനം ക്വട്ടേഷൻ കൂടാതെ വാങ്ങി

പ്രോജക്ടിന്റെ പേര്-ആയുർവേദ ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നം-SO144/16

നിർവ്വഹണം-മെഡിക്കൽ ഓഫീസർ ,ആയുർവേദം

അടങ്കൽ-മെയിന്റനൻസ് നോൺ റോഡ്-150000/-

ഈ പദ്ധതിപ്രകാരം ARTCO Ltd(Artisan'sDevelopment co.op.society) യിൽ നിന്നും ക്വട്ടേഷൻ കൂടാതെ 21430/- രൂപ വിലവരുന്ന ഒരു "Dispensing table" വാങ്ങിയിട്ടുണ്ട്.

{ഇൻവോയ്സ് നം 38/തിയതി 7.1.2016

ഡിഡി നം.029012/16.2.16,₹30210/-}

ARTCO Ltd ൽ നിന്നും ക്വട്ടേഷൻ കൂടാതെ ഒരു വർഷത്തേക്ക് ആശുപത്രി ഉപകരണങ്ങൾ വാങ്ങാൻ അനുമതി നൽകിക്കൊണ്ടുള്ള GO(Rt) 21/2015 /SPD/24.4.15, GO(Rt) 39/2016/SPD/27.7.16 സർക്കാർ ഉത്തരവുകളുടെ അനക്സറിൽ 31 ഇനങ്ങൾ കാണിച്ചിട്ടുള്ളതിൽ മേൽ പറഞ്ഞ ഇനം ഉൾപ്പെട്ടു കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/17.11.16) മറുപടിയായി ആയുർവേദഡിസ്പെൻസറിയിലെ ആവശ്യത്തിനു വേണ്ടി പ്രത്യേകമായി ഡിസൈൻചെയ്തു നൽകിയതുപ്രകാരം ആർട്ട്കോ നിർമ്മിച്ചുനൽകിയതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിനനുസൃതമായി വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-10 കാരുണ്യഫാർമസിയിൽനിന്നും മുഴുവൻതുകക്ക് മരുന്ന് ലഭിച്ചിട്ടില്ല

നിർവ്വഹണം-മെഡിക്കൽഓഫീസർ ,പി.എച്ച്.സി

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് താഴെ പറയുംപ്രകാരം കൈമാറിയ തുകകൾക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല.

| പ്രോജക്ടിന്റെ പേര് | ട്രഷറിബില്ല് നം.<br>ഡിഡി നം<br>തുക | മരുന്ന് ലഭിച്ചത്-ബില്ല് നം,തുക | ബാക്കി<br>തുക |
|---|---|---|---|
| പിഎച്ച്സിക്ക് മരുന്ന് വാങ്ങൽ<br>S0145/16 | 14/15.2.16<br>027993/16.2.16<br>45000/- | 77102/22.2.16,₹ 21024/-<br>86830/26.3.16,₹ 10084/-,ആകെ= 31108/- | 13892/- |
| | 18/21.3.16<br>030354/21.3.16<br>10000/ | --- | 10000/ |
| പെയിൻ&പാലിയേറ്റീവ് കെയർ,S0018/16 | 20/21.3.16<br>030355/21.3.16<br>100000 | 1925/7.4.16<br>44006/- | 55994/- |

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ബാക്കിമരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്, 79886/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-11 ആശ്രയ പദ്ധതി വിലയിരുത്തൽ

പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ആശ്രയ പദ്ധതിയുടെ ആദ്യ പ്രോജക്ടിൽ നിലവിൽ 81ഗുണഭോക്താക്കളും രണ്ടാമത്തെ പ്രോജക്ടിൽ 93 ഗുണഭോക്താക്കളും ആണുള്ളത്. മറ്റ് വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | ആദ്യപ്രോജക്ട് | രണ്ടാമത് പ്രോജക്ട് |
|---|---|---|

| | | |
|---|---|---|
| ആകെ ഗുണഭോക്താക്കളുടെ എണ്ണം | 81 | 93 |
| വീടു വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 8 | 6 |
| നാളിതുവരെ ലഭിച്ചവർ | - | - |
| വീട് ആവശ്യമുള്ളവർ | 11 | 23 |
| നാളിതുവരെ ലഭിച്ചവർ | 6 | 4 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 23 | 53 |
| നാളിതുവരെ ലഭിച്ചവർ | 4 | 2 |
| കക്കൂസ് ആവശ്യമുള്ളവർ | 13 | 8 |
| നാളിതുവരെ ലഭിച്ചവർ | 1 | 1 |
| കുടിവെള്ളം ആവശ്യമുള്ളവർ | 17 | 9 |
| നാളിതുവരെ ലഭിച്ചവർ | 2 | - |
| കറന്റ് ആവശ്യമുള്ളവർ | - | 11 |
| നാളിതുവരെ ലഭിച്ചവർ | - | -- |

ആശ്രയ ഒന്ന്, രണ്ട് ഘട്ടപദ്ധതികളിലുൾപ്പെട്ടവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നകാര്യത്തിൽ കാര്യമായ പുരോഗതി നേടിയിട്ടില്ല എന്ന് മേൽപട്ടികയിലെ കണക്കുകൾ സൂചിപ്പിക്കുന്നു .

ആശ്രയ അക്കൗണ്ടിൽ 31.3.2016ൽ 20,61,793/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിൽ പഞ്ചായത്തിൽ നിന്നും ലഭിച്ചവിവരമനുസരിച്ച് പ്ലാൻഫണ്ട് ജനറൽ-

5,01,998/-രൂപയും ,പ്ലാൻഫണ്ട് എസ്.സി-9,24,887/-രൂപയുമാണ്. 5,35,444/-രൂപ ഈ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള പലിശയാണ്. നീക്കിയിരിപ്പിൽ ബാക്കിയുള്ള 99464/- രൂപ ഏതിനത്തിലെന്ന് വ്യക്തമാക്കേണ്ടതാണ്. ഈ തുക ഉപയോഗിക്കുന്നതു സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശം ലഭ്യമാക്കി പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

## 3-12 ക്ഷേമ പെൻഷനുകൾ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം ചെയ്യുന്നതിലെ അപാകതകൾ

ഈ വിഷയത്തെ സംബന്ധിച്ച് ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി 3 ന ലഭിച്ച മറുപടി പ്രകാരം ഇലക്ട്രോണിക് ബെനഫിറ്റ് ട്രാൻസ്ഫർ മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പണം അയക്കുമ്പോൾ ഗുണഭോക്താവ് മരണപ്പെട്ടാൽ അയാളുടെ അക്കൌണ്ടിലെ പണം തുടർന്ന് വരുന്നത് തടയാൻ പഞ്ചായത്തിന് മാർഗ്ഗമില്ലെന്നും ഏതെങ്കിലും കാരണവശാൽ അക്കൗണ്ട് നമ്പർ മാറിപ്പോയാൽ അത് തിരുത്തുന്നതിനും പഞ്ചായത്തിന് നിർവാഹമില്ലെന്നും അറിയിച്ചിരിക്കുന്നു.

മേൽ മറുപടി തൃപ്തികരമല്ല. ഗുണഭോക്താവ് മരണപ്പെട്ടതായി അറിഞ്ഞാൽ ഉടനടി പെൻഷൻ ലഭിക്കുന്നത് നിർത്തിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർ ഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 23520 | വികലാംഗ വിദ്യാർത്ഥി ക്ഷേമം | 0 | 23520 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2014-15 | 190000 | അമ്പഴക്കാട് മേനാച്ചേരി റോഡ് – ഫസ്റ്റ് , സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് | 163441 | 26559 |
| ജില്ലാ പഞ്ചായത്ത് | 2014-15 | 102800 | വികലാംഗ വിദ്യാർത്ഥി ക്ഷേമം | 100000 | 2800 |
| ആകെ | | | | | 52879 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർ ഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 102800 | വികലാംഗ വിദ്യാർത്ഥി ക്ഷേമം | 100000 | 2800 |
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 35280 | വികലാംഗ വിദ്യാർത്ഥി ക്ഷേമം | 0 | 35280 |
| ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 190000 | അമ്പഴക്കാട് മേനാച്ചേരി റോഡ് – ഫസ്റ്റ് , സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് | 129911 | 60089 |
| ആകെ | | | | | 98169 |
| ഒട്ടാകെ | | | | | 151048 |

മുൻവർഷങ്ങളിൽ ലഭിച്ച ഫണ്ടു വിനിയോഗത്തിന്റെ കൃത്യമായവിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ബാലൻസ്ഷീറ്റ് പ്രകാരം 31.3.2016 ൽ 16,79,952/- രൂപ ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ നീക്കിയിരിപ്പുണ്ട്. 2015-16ൽ പ്രോജക്ട് വച്ച് ബ്ലോക്ക് പഞ്ചായത്ത് വിഹിതം 71610/-രൂപയും ജില്ലാപഞ്ചായത്ത് വിഹിതം

61194/-രൂപയും സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുമുണ്ട്. ജില്ലാ,ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ നീക്കിയിരിപ്പ് സംബന്ധിച്ച കൃത്യമായ കണക്ക് തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി കൊരട്ടി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 789564 | 789564 | 0 |
| കെ.എസ്.ഇ.ബി അന്നമനട | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 286903 | 286903 | 0 |
| ആകെ | | | 1076467 | |

31.03.2016 തീയതിയിലെ ബാലൻസ്ഷീറ്റിന്റെ B-18 ഷെഡ്യൂളിൽ 2,74,500/- രൂപ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിലും 86,338/- രൂപ K.S.E.B യിലും നിക്ഷേപമുള്ളതായി കാണുന്നു. ഈ തുക 2012മുതൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹36560677 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹46972605 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 504886 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 300000 | ശ്രീ. വി.എൻ നന്ദകുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 3-3 | 125000 | ശ്രീ.വി.എൻ നന്ദകുമാർ, സെക്രട്ടറി |
| 3-11 | 79,886 | ഡോ.ദീപ്തി,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 78-79 | എൽ.എഫ്.ടി.(എസ്.2)-1086/11 /2010-2011/10.01.12 |
| 79-80 | |
| 83-84 | |
| 85-86 | |
| 86-87,87-88 | |
| 88-89,89-90 | |
| 91-92 | |
| 92-93,93-94 | |
| 94-95,95-96 | |
| 96-97 | എൽ.എഫ്.ടി.8-395/98/22.09.98 |

| | |
|---|---|
| 97-98 | എൽ.എഫ്.ടി.7-1471/98/09.03.09 |
| 98-99 | എൽ.എഫ്.ടി.7-119/2000/20.05.2000 |
| 99-2000വരവ് | എൽ.എഫ്.ടി.7-118/2000/20.05.2000 |
| 99-2000ചെലവ് | എൽ.എഫ്.ടി.956/01/30.01.01 |
| 2000-01 | എൽ.എഫ്.ടി.14-1043/05/13.09.05 |
| 2001-02 | എൽ.എഫ്.ടി.14-1044/05/20.09.05 |
| 2002-03 | എൽ.എഫ്.ടി.14-1085/05/30.09.05 |
| 2003-04 | എൽ.എഫ്.ടി.14-440/06/02.06.06 |
| 2004-05 | എൽ.എഫ്.ടി.14-1398/08/05.09.09 |
| 2005-06 | എൽ.എഫ്.ടി.14-1399/08/05.09.09 |
| 2006-07 | എൽ.എഫ്.ടി.14-829/09/20.09.10 |
| 2007-08 | എൽ.എഫ്.ടി.14-1151/11.24.11.11 |
| 2008-09 | എൽ.എഫ്.ടി.പി3-2067/11/23.01.12 |
| 2009-10 | എൽ.എഫ്.ടി.പി3-1083/12/12.10.12 /04.02.13 |
| 2010-11 | എൽ.എഫ്.ടി.പി3-1082/12/12.10.2012 /04.02.13 |
| 2011-12 | എൽ.എഫ്.ടി.പി7-893/2013തി.13.01.13 /03.01.14 |
| 2012-13 | എൽ.എഫ്.ടി.പി7-459/14തി.11.09.14 /5.12.1 |
| 2013-14 | കെ.എസ്.എ.ടി.എസ് .ആർ പി 7-1184/15 തി. 19.10.15/3.11.15 |
| 2014-15 | കെ.എസ്.എ.ടി.എസ് .ആർ പി 7-1218/16 തി. 25.07.2016/ 30.07.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

# AUDIT CERTIFICATE

No. KSA-TSR(P7)2039/2016

Kerala State Audit Department

District Audit Office,
Thrissur- 680 020
Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 16.01.2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Kadukutty Gramapanchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Kadukutty Gramapanchayath for the year 2015-16 except the observations in my Audit Report properly presents the

picture of income and expenditure.

Deputy Director

District Audit Office,

Thrissur.

കെ.എസ്.എ-ടി.എസ്.ആർ(പി7)2039/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 16.01.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കാട്ടകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാട്ടകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്ന

എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.